കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അഴിമതി നിവാരണ ആക്റ്റ്, 1947

## (1947-ലെ 2-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)


**യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.**

1976

വില;

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# അഴിമതി നിവാരണ ആക്റ്റ്, 1947

(1947-ലെ 2-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

# അഴിമതി നിവാരണ ആക്ററ്, 1947
## 1947-ലെ 2-ാം ആക്ററ്

കൈക്കൂലി ക്കുററത്തിൻേറയും അഴിമതിയുടേയും കൂടുതൽ ഫലപ്രദമായ നിവാരണത്തിനുള്ള ആക്ററ്.

(1947 മാർച്ച്, 11.)

കൈക്കൂലിക്കുററത്തിൻേറയും അഴിമതിയുടേയും നിവാരണത്തിന്കൂടുതൽ ഫലപ്രദമായ വ്യവസ്ഥ ഉണ്ടാക്കുന്നത് സമീചീനമായിരിക്കുകയാൽ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ററിന്, അഴിമതി നിവാരണ ആക്ററ്, 1947 എന്ന്പേർ പറയാവുന്നതാണ്.

(2) ഇത്, ജമ്മു-കാശ്മീർ സ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, ഇൻഡ്യയ്ക്ക് പുറമെയുള്ള എല്ലാ ഇൻഡ്യൻ പൗരൻമാർക്കു കൂടി ഇതു ബാധകമായിരിക്കുന്നതും ആണ്.

XX XX XX

2. വ്യാഖ്യാനം .— ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് "പബ്ലിക്ക് സർവൻറ്" ന്ഇൻഡ്യൻ ശിക്ഷാനിയമ സംഹിത(1860 ലെ 45)21-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള പബ്ലിക്ക് സർവൻറ് എന്നർത്ഥമാകുന്നു.

3. ശിക്ഷാ നിയമ സംഹിതയിലെ 165ക വകുപ്പിൻ കീഴിലുള്ള കുററങ്ങൾ കോഗ്നൈസിബിൾ കുററങ്ങൾ ആയിരിക്കുമെന്ന്.—ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത(1860-ലെ 45) 165- ക വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, ക്രിമിനൽ നടപടി നിയമസംഹിത, 1898(1898-ലെ 5)-ലെ ആവശ്യങ്ങൾക്ക് അതിൽ വിപരീതമായ എന്തെങ്കിലും അടങ്ങിയിരുന്നാൽ തന്നെയും ,കോഗ്നൈസിബിൾ കുററമായി കരുതപ്പെടുന്നതാകുന്നു.

XX XX XX

4. പബ്ലിക്ക് സർവൻറ് നിയമാനുസൃത വേതനമല്ലാത്തപരിതോഷണം സ്വീകരിക്കുന്നിടത്തുള്ള അനുമാനം.—(1) ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 161-ാം വകുപ്പിനോ 165-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്നതായ കുററത്തിൻേറയോ, ഈ ആക്ററിൻെറ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻെറ (ക) ഖണ്ഡത്തിലോ (ഖ)ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ളതും അതി

ന്റെ (2)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്നതുമായ കുററത്തിന്റേയോ, ഏതെങ്കിലും വിചാരണയിൽ, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആരം, ഏതെങ്കിലും ആളിൽനിന്ന് തനിക്കുവേണ്ടിയോ മറേറതെങ്കിലും ആരംക്കുവേണ്ടിയോ, ഏതെങ്കിലും പരിതോഷണമോ (നിയമാനുസൃതവേതനമല്ലാത്ത) മൂല്യമുള്ള ഏതെങ്കിലും സാധനമോ സ്വീകരിക്കുകയോ നേടുകയോ ചെയ്തിട്ടുണ്ടെന്നോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ നേടാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടെന്നോ തെളിയിക്കപ്പെടുന്നിടത്ത്, വിപരീതമായത് തെളിയിക്കപ്പെടാത്തപക്ഷം, ആ പരിതോഷണമോ മൂല്യമുള്ള സാധനമോ അയാരം, അതതു സംഗതി പോലെ, മേല്പറഞ്ഞ 161-ാം വകുപ്പിൽ പറഞ്ഞപ്രകാരമുള്ള ഒരുപ്രേരകമോ പ്രതിഫലമോ ആയിട്ടോ, അല്ലെങ്കിൽ അതതുസംഗതി പോലെ, പ്രതിഫലം കൂടാതേയോ, അപര്യാപ്തമെന്ന് അയാരംക്ക് അറിയാവുന്ന ഒരു പ്രതിഫലത്തിനോ, സ്വീകരിക്കുകയോ നേടുകയോ ചെയ്തുവെന്നോ, അല്ലെങ്കിൽ സ്വീകരിക്കുവാൻ സമ്മതിക്കുകയോ നേടാൻ ശ്രമിക്കുകയോ ചെയ്തുവെന്നോ അനുമാനിക്കേണ്ടതാകുന്നു.

XX XX XX

(2) ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45) 165ക വകുപ്പിൻ കീഴിലോ ഈ ആക്ററിന്റെ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡത്തിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന്റെ വിചാരണയിൽ, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ഒരാരം, ഏതെങ്കിലും പരിതോഷണമോ (നിയമാനുസൃത വേതനം അല്ലാത്ത) മൂല്യമുള്ള ഏതെങ്കിലും സാധനമോ കൊടുത്തിട്ടുണ്ടെന്നോ, കൊടുക്കുവാൻ ആഫർ ചെയ്തിട്ടുണ്ടെന്നോ, കൊടുക്കുവാൻ ശ്രമിച്ചെന്നോ, തെളിയിക്കപ്പെടുന്നിടത്ത്, വിപരീതമായത് തെളിയിക്കപ്പെടാത്തപക്ഷം, ആ പരിതോഷണമോ മൂല്യമുള്ള സാധനമോ, അയാരം, അതതു സംഗതിപോലെ, ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, (1860-ലെ 45) 161-ാം വകുപ്പിൽ പറഞ്ഞപ്രകാരമുള്ള ഒരു പ്രേരകമോ പ്രതിഫലമോ ആയിട്ടോ അല്ലെങ്കിൽ, അതതു സംഗതിപോലെ, പ്രതിഫലം കൂടാതേയോ, അപര്യാപ്തമെന്ന് അയാരംക്ക് അറിയാവുന്ന ഒരു പ്രതിഫലത്തിനോ, കൊടുക്കുകയോ കൊടുക്കുവാൻ ആഫർ ചെയ്യുകയോ കൊടുക്കുവാൻ ശ്രമിക്കുകയോ ചെയ്തുവെന്ന് അനുമാനിക്കേണ്ടതാകുന്നു.

(3) (1)-ം (2)-ം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതിയ്ക്ക്, അതിന്റെ അഭിപ്രായത്തിൽ, മുൻപറഞ്ഞ പരിതോഷണമോ സാധനമോ അഴിമതിയുണ്ടെന്ന് ന്യായമായി നിഗമനം ചെയ്യാവുന്നതല്ലാത്തത്ര നിസ്സാരമായതാണെങ്കിൽ, മേല്പറഞ്ഞ രണ്ടു ഉപവകുപ്പുകളിൽ ഏതിലെങ്കിലും പരാമർശിച്ചിട്ടുള്ള അനുമാനം ചെയ്യാൻ വിസമ്മതിക്കാവുന്നതാണ്.

5. <u>കുററകരമായ നടപടി ദൂഷ്യം</u>.—(1) ഒരു പബ്ലിക്ക് സർവന്റ്—

(ക) അയാരം പതിവായി ഏതെങ്കിലും ആളിൽനിന്ന്, തനിക്കുവേണ്ടിയോ മറേറതെങ്കിലും ആരംക്കുവേണ്ടിയോ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 161-ാം വകുപ്പിൽ പറഞ്ഞപ്രകാരമുള്ള ഒരു പ്രേരകമോ പ്രതിഫലമോ ആയിട്ട്, ഏതെങ്കിലും പരിതോഷണം (നിയമാനുസൃതവേതനമല്ലാത്ത) സ്വീകരിക്കുകയോ നേടുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ, നേടാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഖ) അയാൾ, താൻ നടത്തുന്നതോ നടത്താൻ പോകുന്നതോ ആയ ഏതെങ്കിലും നടപടിയുമായോ, ബിസിനസ്സുമായോ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നുവെന്നോ ബന്ധപ്പെട്ടിരിക്കുന്നുവെന്നോ ബന്ധപ്പെടാൻ ഇടയുണ്ടെന്നോ തനിക്കറിയാവുന്നതോ അല്ലെങ്കിൽ തന്റേയോ, താൻ ഏത് പബ്ലിക്ക് സർവന്റിന്റെ കീഴിലാണോ, ആ പബ്ലിക്ക് സർവന്റിന്റേയോ ഔദ്യോഗിക ചുമതലകളുമായി ഏതെങ്കിലും ബന്ധമുള്ളതോ ആയ ഏതെങ്കിലും ആളിൽനിന്നോ അല്ലെങ്കിൽ അപ്രകാരം ബന്ധപ്പെട്ട ആളിൽ താത്പര്യമോ അയാളുമായി ബന്ധുത്വമോ ഉള്ള ആളാണെന്ന് തനിക്കറിയാവുന്ന ഏതെങ്കിലും ആളിൽ നിന്നോ പതിവായി മൂല്യമുള്ള ഏതെങ്കിലും സാധനം പ്രതിഫലം കൂടാതെയോ, അപര്യാപ്തമാണെന്ന് തനിക്ക് അറിയാവുന്ന ഒരു പ്രതിഫലത്തിന്നോ, തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾക്കുവേണ്ടിയോ സ്വീകരിക്കുകയോ നേടുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ നേടാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഗ) ഒരു പബ്ലിക്ക് സർവന്റ് എന്ന നിലയിൽ തന്നെ ഭരമേല്പിച്ചിട്ടുള്ളതോ തന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും വസ്തു സ്വന്തം ഉപയോഗത്തിനുവേണ്ടി നേരുകേടായോ വഞ്ചനാപൂർവ്വകമായോ ദുർവിനിയോഗം ചെയ്യുകയോ മററു വിധത്തിൽ മറിക്കുകയോ അല്ലെങ്കിൽ അങ്ങനെ ചെയ്യുന്നതിന് മറേറതെങ്കിലും ആളെ അനുവദിക്കുകയോ ചെയ്യുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഘ) അയാൾ അഴിമതിയായതോ നിയമവിരുദ്ധമായതോ ആയ മാർഗ്ഗത്തിലൂടെയോ, ഒരു പബ്ലിക്ക് സർവന്റ് എന്ന നിലയ്ക്ക് തന്റെ സ്ഥാനം മററുവിധത്തിൽ ദുരുപയോഗപ്പെടുത്തിയോ; തനിക്ക് വേണ്ടിയോ, മറേറതെങ്കിലും ആൾക്കുവേണ്ടിയോ മൂല്യമുള്ള ഏതെങ്കിലും സാധനമോ ധനപരമായ ഏതെങ്കിലും ആനുകൂല്യമോ, നേടുന്നുവെങ്കിൽ; അല്ലെങ്കിൽ

(ങ) തനിക്കോ, തനിക്കുവേണ്ടി ഏതെങ്കിലും ആൾക്കോ തന്റെ അറിയപ്പെടുന്ന വരുമാനമാർഗ്ഗങ്ങളോട് പൊരുത്തപ്പെടാത്തതും, തനിക്ക് തൃപ്തികരമായി കണക്കുപറയുവാൻ കഴിയാത്തതുമായ ധനപരമായ വിഭവങ്ങളോ വസ്തുവോ കൈവശമുണ്ടായിരിക്കുകയോ, തന്റെ ഉദ്യോഗകാലത്തെ ഏതെങ്കിലും സമയത്ത്, കൈവശം ഉണ്ടായിരുന്നിരിക്കുകയോ ചെയ്യുന്നുവെങ്കിൽ,

അയാൾ

XX XX XX

കുററകരമായ നടപടി ദൂഷ്യം എന്ന കുററം ചെയ്തതായി പറയപ്പെടുന്നു.

(2) .. .. .. കുററകരമായ നടപടി ദൂഷ്യം ചെയ്യുന്ന ഏതെങ്കിലും പബ്ലിക്ക് സർവന്റ് ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതും, എന്നാൽ ഏഴു വർഷത്തോളമാകാവുന്നതും ആയ കാലത്തേയ്ക്കുള്ള തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്:

എന്നാൽ, കോടതിക്ക്, ലിഖിതമായി റിക്കാർഡാക്കിയിട്ടുള്ള ഏതെങ്കിലും പ്രത്യേക കാരണങ്ങളാൽ, ഒരു വർഷത്തിൽ കുറഞ്ഞ തടവിനുള്ള ശിക്ഷാവിധി ചുമത്താവുന്നതാണ്.

(3) യാതൊരാളാണോ,

(i) ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45) 162-ാം വകുപ്പിനോ 163-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമോ,

(ii) ഇൻഡ്യൻ ശിക്ഷാനിയമസംഹിത 165ക വകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററമോ,

പതിവായി ചെയ്യുന്നത്, അയാൾ ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതും, എന്നാൽ ഏഴുവർഷത്തോളമാകാവുന്നതുമായ കാലത്തേക്കുള്ള തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതുമാണ്:

എന്നാൽ, കോടതിക്ക് ലിഖിതമായി റിക്കാർഡാക്കിയിട്ടുള്ള ഏതെങ്കിലും പ്രത്യേക കാരണങ്ങളാൽ ഒരു വർഷത്തിൽ കുറഞ്ഞ തടവുശിക്ഷാവിധി ചുമത്താവുന്നതാണ്.

(3ക) (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിലോ (ഘ) ഖണ്ഡത്തിലോ പരാമർശിച്ച ഒരു കുററം ചെയ്യാൻ ശ്രമിക്കുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3ഖ) (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ പിഴയ്ക്കുള്ള ശിക്ഷാവിധി ചുമത്തിയിരിക്കുന്നിടത്ത്, പിഴത്തുക നിജപ്പെടുത്തുന്നതിൽ, കുററം ചെയ്തതുവഴി കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾ നേടിയിട്ടുള്ള പണത്തുകയോ വസ്തുവിൻെറ മൂല്യമോ വല്ലതുമുണ്ടെങ്കിൽ അതോ, അല്ലെങ്കിൽ കുററസ്ഥാപനം (1)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൽ പരാമർശിച്ച ഒരു കുററത്തിനായിരിക്കുന്നിടത്ത്, ആ ഖണ്ഡത്തിൽ പരാമർശിച്ചതും കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് തൃപ്തികരമായി കണക്കുപറയുവാൻ കഴിയാത്തതുമായ ധനപരമായ വിഭവങ്ങളോ വസ്തുവോ കോടതി പരിഗണനയിലെടുക്കേണ്ടതാകുന്നു.

(4) ഈ വകുപ്പിലെ വ്യവസ്ഥകൾ, തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിന് പുറമേയുള്ളതും അതിന് ന്യൂനത വരുത്താത്തതും ആയിരിക്കുന്നതും, ഇതിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, ഏതെങ്കിലും പബ്ലിക്ക് സർവൻറിനെ, അയാൾക്കെതിരായി ഈ വകുപ്പിനെ അപേക്ഷിക്കാതെ ബോധിപ്പിക്കാവുന്ന ഏതെങ്കിലും നടപടിയിൽനിന്ന് ഒഴിവാക്കുന്നതല്ലാത്തതും ആകുന്നു.

5ക. ഈ ആക്ററിൻ കീഴിലുള്ള കേസ്സുകളുടെ അന്വേഷണം.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും.—

(ക) ഡൽഹി സ്പെഷ്യൽ പോലീസ് എസ്ററാബ്ലിഷ്മെൻറിൻെറ സംഗതിയിൽ, പോലീസ് ഇൻസ്പെക്ററുടേയും,

(ഖ) കൽക്കട്ട, മദ്രാസ് എന്നീ പ്രസിഡൻസി ടൗണുകളിൽ, അസിസ്ററൻറ് പോലീസ് കമ്മിഷണറുടേയും,

(ഗ) ബോംബെ പ്രസിഡൻസി ടൗണിൽ, പോലീസ് സൂപ്രണ്ടിൻേറയും,

(ഘ) മററിടങ്ങളിൽ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻേറയും,

പദവിയിൽ താഴെയുള്ള യാതൊരു പോലീസ് ഉദ്യോഗസ്ഥനും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 161-ാം വകുപ്പിനോ 165-ാം വകുപ്പിനോ 165 ക വകുപ്പിനോ കീഴിലോ, ഈ ആക്ററിലെ 5-ാം വകുപ്പിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അതതുസംഗതിപോലെ, ഒരു പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ്സ് മജിസ്ട്രേററിൻേറയോ ഉത്തരവുകൂടാതെ, അന്വേഷിക്കുകയോ വാറണ്ട് കൂടാതെ അതിനുവേണ്ടി ഏതെങ്കിലും അറസ്ററു നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ സ്റേററ് ഗവൺമെൻറ് പോലീസ് ഇൻസ്പെക്ററരുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഇതിലേയ്ക്കായി പ്രാധികാരം നല്കിയിട്ടുണ്ടെങ്കിൽ, അയാൾക്കും, അതതുസംഗതിപോലെ, ഒരു പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ്സ് മജിസ്ട്രേററിൻേറയോ ഉത്തരവുകൂടാതെ, അങ്ങനെയുള്ള ഏതെങ്കിലും കുററം അന്വേഷിക്കുകയോ, വാറണ്ട് കൂടാതെ അതിനുവേണ്ടി അറസ്ററു നടത്തുകയോ ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ങ) ഖണ്ഡത്തിൽ പരാമർശിച്ച ഏതെങ്കിലും കുററം, പോലീസ് സൂപ്രണ്ടിൻെറ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻെറ ഉത്തരവുകൂടാതെ അന്വേഷിക്കാൻ പാടുള്ളതല്ല.

(2) കിട്ടിയ അറിവിൽനിന്നോ, മററുവിധത്തിലോ ഒരു പോലീസ് ഉദ്യോഗസ്ഥന്, (1)-ാം ഉപവകുപ്പിൻ കീഴിൽ അന്വേഷണം നടത്താൻ തന്നെ അധികാരപ്പെടുത്തിയിട്ടുള്ള ഒരു കുററം ചെയ്യപ്പെട്ടിട്ടുള്ളതായി സംശയിക്കാൻ കാരണമുണ്ടായിരിക്കുകയും, അങ്ങനെയുള്ള കുററം അന്വേഷിക്കുകയോ അതിനെപ്പററി അന്വേഷണവിചാരണനടത്തുകയോ ചെയ്യുന്ന ആവശ്യത്തിന് ഏതെങ്കിലും ബാങ്കർമാരുടെ ബുക്കുകൾ പരിശോധിക്കുന്നത് ആവശ്യകമാണെന്ന് അയാൾ കരുതുകയും ചെയ്യുന്നുവെങ്കിൽ, അയാൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ബാങ്കർമാരുടെ ബുക്കുകൾ, ആ കുററം ചെയ്തതായി സംശയിക്കപ്പെടുന്ന ആളുടേയോ, അങ്ങനെയുള്ള ആൾക്കുവേണ്ടി പണം വച്ചുകൊള്ളുന്നതായി സംശയിക്കപ്പെടുന്ന മറേറതെങ്കിലും ആളുടേയോ കണക്കുകളെ സംബന്ധിക്കുന്നിടത്തോളം പരിശോധിക്കാവുന്നതും, അവയിൽനിന്ന് പ്രസക്തമായ ഉൾക്കുറിപ്പുകളുടെ സർട്ടിഫൈചെയ്ത പകർപ്പുകൾ എടുക്കുകയോ എടുപ്പിക്കുകയോ ചെയ്യാവുന്നതും, ബന്ധപ്പെട്ട ബാങ്ക്, പോലീസ് ഉദ്യോഗസ്ഥനെ അയാൾ ഈ ഉപവകുപ്പിൻ കീഴിലുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ സഹായിക്കാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്:

എന്നാൽ, ഏതെങ്കിലും ആളുടെ കണക്കുകൾ സംബന്ധിച്ച് ഈ ഉപവകുപ്പിൻ കീഴിലുള്ള യാതൊരു അധികാരവും, പോലീസ് സൂപ്രണ്ടിൻെറ പദവിയിൽ താഴെയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ, അയാൾക്ക് അതിലേക്കായി പോലീസ് സൂപ്രണ്ടിൻെറ പദവിയിലോ അതിനുമുകളിലോ ഉള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ പ്രത്യേകമായി പ്രാധികാരം നല്കാത്തപക്ഷം, പ്രയോഗിക്കാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിൽ, "ബാങ്ക്", "ബാങ്കർമാരുടെ ബുക്കുകൾ" എന്നീ പദങ്ങൾക്ക് ബാങ്കർമാരുടെ ബുക്കുകൾ തെളിവ് ആക്ററ്, 1891 (1891-ലെ18)-ൽ അവയ്ക്ക് കൊടുത്തിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

6. <u>പ്രാസിക്യൂഷന് മുൻ അനുമതി ആവശ്യമെന്ന്</u>.—(1) ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45) 161-ാം വകുപ്പിനോ 164-ാം വകുപ്പിനോ 165-ാം വകുപ്പിനോ കീഴിലോ, ഈ ആക്ററ്, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിനോ (3ക) ഉപവകുപ്പിനോ കീഴിലോ ശിക്ഷിക്കപ്പെടാവുന്നതും ഒരു പബ്ലിക്ക് സർവൻറ് ചെയ്തതായി ആരോപിക്കപ്പെടുന്നതും ആയ ഒരു കുററം, യാതൊരു കോടതിയും,

(ക) യൂണിയൻെറ കാര്യങ്ങരം സംബന്ധിച്ച് നിയോജിക്കപ്പെട്ടവനും, കേന്ദ്രഗവൺമെൻറിനാലോ കേന്ദ്രഗവൺമെൻറിൻെറ അനുമതിയോടുകൂടിയോ അല്ലാതെ തൻെറ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യപ്പെടാവുന്നതല്ലാത്തവനും ആയ ഒരാളുടെ സംഗതിയിൽ,

കേന്ദ്രഗവൺമെൻറിൻേറയും,

(ഖ) ഒരു സ്റേററിൻെറ കാര്യങ്ങരം സംബന്ധിച്ച് നിയോജിക്കപ്പെട്ടവനും, ആ സ്റേററു ഗവൺമെൻറിനാലോ, സ്റേററുഗവൺമെൻറിൻെറ അനുമതിയോടുകൂടിയോ അല്ലാതെ തൻെറ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യപ്പെടാവുന്നതല്ലാത്തവനും ആയ ഒരാളുടെ സംഗതിയിൽ, ആ സ്റേററ് ഗവൺമെൻറിൻേറയും,

(ഗ) മറേറതെങ്കിലും ആളുടെ സംഗതിയിൽ, അയാളെ തൻെറ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാൻ ക്ഷമതയുള്ള അധികാരസ്ഥാനത്തിൻേറയും,

മുൻ അനുമതികൂടാതെ നടപടിയെടുക്കുവാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും കാരണത്താൽ, അത് എന്തായാലും (1)-ാം ഉപവകുപ്പിൻകീഴിൽ വേണ്ടതായ മുൻ അനുമതി, കേന്ദ്രഗവൺമെൻേറാ, സ്റേററ് ഗവൺമെൻേറാ മറേറതെങ്കിലും അധികാരസ്ഥാനമോ ആരാണ് നല്കേണ്ടതെന്നുള്ള ഏതെങ്കിലും സംശയം ഉണ്ടാകുന്നിടത്ത്, അങ്ങനെയുള്ള അനുമതി നല്കേണ്ടത്, കുററം ചെയ്തതായി ആരോപിക്കപ്പെട്ട സമയത്ത് ആ പബ്ലിക്ക് സർവ്വൻറിനെ തൻെറ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാൻ ക്ഷമതയുണ്ടായിരിക്കുമായിരുന്ന ഗവൺമെൻേറാ അധികാരസ്ഥാനമോ ആകുന്നു.

6 ക. <u>5 (1) (ഗ) വകുപ്പിൻകീഴിലുള്ള ഒരു കുററം സംബന്ധിച്ച ചാർജ്ജിലെ വിവരങ്ങരം.</u>— ക്രിമിനൽ നടപടിനിയമസംഹിത, 1898-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആരം 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിലുള്ള കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുമ്പോരം, ചാർജ്ജിൽ, കുററം ചെയ്തതായി ആരോപിക്കപ്പെട്ടിരിക്കുന്നത് ഏത് വസ്തു സംബന്ധിച്ചാണോ, ആ വസ്തുവും, ഏത് തീയതികരംക്കിടയിലാണോ കുററം ചെയ്തതായി ആരോപിക്കപ്പെട്ടിരിക്കുന്നത്, ആ തീയതികളും, പ്രത്യേക ഇനങ്ങളോ കൃത്യമായ തീയതികളോ വിനിർദ്ദേശിക്കാതെ, വിവരിച്ചാൽ മതിയാകുന്നതും. അങ്ങനെ വിരചിച്ച ചാർജ്ജ് മുൻപറഞ്ഞ നിയമസംഹിതയിലെ 234-ാം വകുപ്പിൻെറ അർത്ഥത്തിൽ ഏക കുററത്തിൻെറ ചാർജ്ജായി കരുതപ്പെടുന്നതുമാകുന്നു:

എന്നാൽ അങ്ങനെയുള്ള തീയതികളിൽ ആദ്യത്തേതിനും അവസാനത്തേതിനും ഇടയിലുരംപ്പെട്ടകാലം ഒരു വർഷത്തിൽ കവിയുവാൻ പാടുള്ളതല്ല.

7. <u>കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആരം ക്ഷമതയുള്ള സാക്ഷി ആകുന്നത്.</u>—ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 161-ാം വകുപ്പിനോ 165-ാം വകുപ്പിനോ 165ക വകുപ്പിനോ അല്ലെങ്കിൽ ഈ ആക്ററിലെ 5-ാം വകുപ്പിനോ കീഴിൽ, ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ട ഏതെങ്കിലും ആരം, ക്ഷമതയുള്ള പ്രതിഭാഗം സാക്ഷി ആയിരിക്കുന്നതും, അയാരംക്ക്, തനിക്കോ, അതേ വിചാരണയിൽ തന്നോടൊപ്പം ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആരംക്കോ എതിരായി കൊണ്ടുവന്നിട്ടുള്ള ചാർജ്ജുകരം ഇല്ലെന്ന് തെളിയിക്കുന്നതിന് ശപഥത്തിൻമേൽ തെളിവു നല്കാവുന്നതുമാണ്:

എന്നാൽ—

(ക) സ്വന്തം അപേക്ഷയിൻമേലൊഴികെ, അയാളെ സാക്ഷിയായി വിളിക്കുവാൻ പാടുള്ളതോ;

(ഖ) അയാൾ തെളിവു നല്കാതിരിക്കുന്നത് പ്രാസിക്യൂഷന്റെ ഏതെങ്കിലും അഭിപ്രായ പ്രകടനത്തിന് വിഷയമാക്കുകയോ, അയാൾക്കുതന്നെ എതിരായോ, അതേ വിചാരണയിൽ അയാളൊടൊപ്പം ചാർജ്ജ് ചെയ്യപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾക്ക് എതിരായോ ഏതെങ്കിലും അനുമാനത്തിന് ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതോ;

(ഗ) ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ള കുററം അല്ലാത്ത ഏതെങ്കിലും കുററം അയാൾ ചെയ്തിട്ടുണ്ടെന്നോ, അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് അയാൾ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടെന്നോ, അയാൾ ചീത്ത സ്വഭാവക്കാരനാണെന്നോ കാണിക്കുന്ന പ്രവണതയുള്ള ചോദ്യങ്ങൾ,

(i) അയാൾ അങ്ങനെയുള്ള കുററം ചെയ്തിട്ടുണ്ടെന്നോ അതിന് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടെന്നോ തെളിയിക്കുന്നത് അയാൾ ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ള കുററത്തിനു അയാൾ അപരാധിയാണെന്ന് കാണിക്കുവാൻ, സ്വീകാര്യത്തെളിവായിരിക്കുകയോ, അല്ലെങ്കിൽ

(ii) അയാൾ നേരിട്ടോ അയാളുടെ വക്കീൽ മുഖാന്തരമോ, തന്റെ സൽസ്വഭാവം സ്ഥാപിക്കാനുള്ള ലക്ഷ്യത്തോടെ, ഏതെങ്കിലും പ്രാസിക്യൂഷൻ ഭാഗം സാക്ഷിയോട് ചോദ്യങ്ങൾ ചോദിക്കുകയോ, തന്റെ സൽസ്വഭാവം സംബന്ധിച്ച് തെളിവു നല്കിയിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രതിവാദത്തിന്റെ പ്രകൃതമോ നടത്തിപ്പോ പ്രാസിക്യൂട്ട് ചെയ്യുന്ന ആളുടേയോ ഏതെങ്കിലും പ്രാസിക്യൂഷൻ സാക്ഷിയുടേയോ സ്വഭാവത്തെപ്പററി ദോഷാരോപണം ഉൾക്കൊള്ളുമെന്ന വിധത്തിലുള്ളതായിരിക്കുകയോ, അല്ലെങ്കിൽ

(iii) അതേ കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ള മറേറതെങ്കിലും ആൾക്കെതിരായി അയാൾ തെളിവു കൊടുത്തിട്ടുണ്ടായിരിക്കുകയോ,

ചെയ്യാത്തപക്ഷം, അയാളോട് ചോദിക്കുകയോ ചോദിച്ചാൽ ഉത്തരം പറയാൻ അയാളോട് ആവശ്യപ്പെടുകയോ, ചെയ്യാൻ പാടുള്ളതോ,

അല്ല.

7ക. <u>ക്രിമിനൽ നടപടി നിയമ സംഹിത, 1898 ചില രൂപഭേദങ്ങൾക്ക് വിധേയമായി ബാധകമാകുമെന്ന്.</u>—ക്രിമിനൽ നടപടി നിയമസംഹിത 1898 (1898-ലെ 5)-ലെ വ്യവസ്ഥകൾക്ക്, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45 (161-ാം വകുപ്പിനോ 165-ാം വകുപ്പിനോ 165 ക വകുപ്പിനോ, ഈ ആക്ററിലെ 5-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം സംബന്ധിച്ചുള്ള ഏതെങ്കിലും നടപടിയ്ക്ക് ബാധകമാക്കുന്നതിൽ,—

(ക) 251ക വകുപ്പ്, (8)-ാം ഉപവകുപ്പിൽ "അതിനുശേഷം കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളോട്" എന്ന വാക്കുകൾക്കുപകരം, "കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളോട്, ഉടനേയോ മജിസ്ട്രേട്ട് അനുവദിക്കുന്ന സമയത്തിനുള്ളിലോ, തന്റെ സാക്ഷികളായി അയാൾ വിസ്തരിക്കുവാൻ ഉദ്ദേശിക്കുന്ന ആളുകളുടെ (ആരെങ്കിലുമുള്ളപക്ഷം) ഒരു ലിസ്ററും, താൻ ആശ്രയിക്കുവാനുദ്ദേശിക്കുന്ന രേഖകളുടെ (ഏതെങ്കിലുമുണ്ടെങ്കിൽ) ഒരു ലിസ്ററും ലിഖിതരൂപത്തിൽ നല്കുവാൻ ആവശ്യപ്പെടുന്നതും അതിനുശേഷം അയാളോട്" എന്ന വാക്കുകൾ ചേർത്തിരുന്നാലെന്നപോലെയും,

(ഖ) 344-ാം വകുപ്പ് (1ക) ഉപവകുപ്പിൽ, രണ്ടാമത്തെ പരിമിതി വ്യവസ്ഥയ്ക്കുശേഷം, താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ അതായത്:—

"എന്നുമാത്രമല്ല, നടപടിയിലെ ഒരു കക്ഷി, 435-ാം വകുപ്പിൻകീഴിൽ ഒരു അപേക്ഷകൊടുത്തിട്ടുണ്ടെന്ന കാരണത്താൽ മാത്രം, നടപടികൾ നീട്ടിവയ്ക്കുകയോ, മാററിവയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല" കൂട്ടിച്ചേർത്തിട്ടുണ്ടായിരുന്നാലെന്നപോലെയും,

(ഗ) 435-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, വിശദീകരണത്തിനുമുമ്പ്, താഴെപ്പറയുന്ന പരിമിതിവ്യവസ്ഥ, അതായത്:—

"എന്നാൽ" ഈ ഉപവകുപ്പിൻ കീഴിലുള്ള അധികാരങ്ങൾ, ഒരു കോടതി, അങ്ങനെയുള്ള നടപടികളിലെ ഒരു കക്ഷി കൊടുത്തിട്ടുള്ള ഒരു അപേക്ഷയിൻമേൽ പ്രയോഗിക്കുമ്പോൾ, കോടതി, നടപടിയുടെ റിക്കാർഡ് അയയ്ക്കാൻ—

(ക) എന്തുകൊണ്ട് റിക്കാർഡ് അയയ്ക്കാൻ ആദേശിക്കാൻ പാടില്ലെന്നതിന് കാരണം കാണിക്കാൻ മറേറ കക്ഷിയ്ക്ക് അവസരം നല്കാതേയോ.

(ഖ) നടപടിയുടെ റിക്കാർഡ് അതിൻെറ സർട്ടിഫൈ ചെയ്ത പകർപ്പുകളിൽനിന്ന് പരിശോധിക്കാമെന്ന് അതിന് ബോദ്ധ്യപ്പെടുന്നുവെങ്കിലോ,

സാധാരണഗതിയിൽ ആദേശിക്കാൻ പാടില്ലാത്തതും, ഏതു സംഗതിയിലും, കീഴ്ക്കോടതി മുമ്പാകെയുള്ള നടപടികൾ, ലിഖിതമായ റിക്കാർഡാക്കിയ കാരണങ്ങളാലല്ലാതെ, നിറുത്തിവയ്ക്കാൻ പാടില്ലാത്തതും"

കൂട്ടിച്ചേർത്തിട്ടുണ്ടായിരുന്നാലെന്നപോലെയും,

(ഘ) 540ക വകുപ്പ്, (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് അതായത്:—

"(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ജഡ്ജിക്കോ മജിസ്ട്രേട്ടിനോ, യുക്തമെന്ന് അദ്ദേഹത്തിന് തോന്നുന്നുവെങ്കിലും, അദ്ദേഹം ലിഖിതമായി റിക്കാർഡാക്കുന്ന കാരണങ്ങളാലും, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളുടേയോ അയാളുടെ വക്കീലിൻേറയോ അസാന്നിദ്ധ്യത്തിൽ അന്വേഷണവിചാരണയോ വിചാരണയോ തുടർന്നുപോവുകയും, ഏതെങ്കിലും സാക്ഷിയുടെ തെളിവ്, കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾക്ക് ആ സാക്ഷിയെ എതിർവിസ്താരത്തിന് തിരിയെ വിളിക്കാനുള്ള. അവകാശത്തിന് വിധേയമായി, റിക്കാർഡാക്കുകയും ചെയ്യാവുന്നതാണ്."

കൂട്ടിചേർത്തിട്ടുണ്ടായിരുന്നാലെന്നപോലെയും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

8. <u>കൈക്കൂലികൊടുക്കുന്നയാളുടെ പ്രസ്താവന അയാളെ പ്രാസിക്യൂഷന് വിധേയനാക്കുകയില്ലെന്ന്.</u>— തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത 161-ാം വകുപ്പിനോ 165-ാം വകുപ്പിനോ ഈ ആക്ററ് 5-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിനോ (3ക) ഉപവകുപ്പിനോ കീഴിലുള്ള ഒരു കുററത്തിന് ഒരു പബ്ലിക്സർവൻറിനെതിരായുള്ള ഏതെങ്കിലും നടപടിയിൽ ആ പബ്ലിക്സർവൻറിന്, താൻ ഏതെങ്കിലും പരിതോഷണമോ (നിയമാനുസൃതവേതനമല്ലാത്ത) മൂല്യമുള്ള ഏതെങ്കിലും സാധനമോ ആഫർ ചെയ്തെന്നോ ആഫർ ചെയ്യാമെന്ന് സമ്മതിച്ചെന്നോ, ഒരാൾ നല്കുന്ന പ്രസ്താവന, അങ്ങനെയുള്ള ആളെ മേല്പറഞ്ഞ നിയമസംഹിത 165ക വകുപ്പിൻ കീഴിൽ ഒരു പ്രാസിക്യൂഷന് വിധേയനാക്കുന്നതല്ല.